# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 21, വ്യാഴം

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |

ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ

*541. ശ്രീ.വി.ടി.ബൽറാം

,, അനൂപ് ജേക്കബ്

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, എൽദോസ് പി. കുന്നപ്പിള്ളിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ സ്കൂൾ വിദ്യാഭ്യാസ ഘടനയിൽ എന്തെല്ലാം മാറ്റങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും പരിശോധിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ഉതകുംവിധത്തിലുള്ള ഘടനാപരമായ മാറ്റം നിർദ്ദേശിക്കുന്ന ശിപാർശകളാണോ ഖാദർ കമ്മിറ്റി സമർപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയത്തിന്റെ കരടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുമ്പോൾ അത് ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾക്ക് കടകവിരുദ്ധമാകുവാൻ സാദ്ധ്യതയില്ലേ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ഉണ്ടാക്കാനിടയുള്ള

ആശയക്കുഴപ്പം പരിഹരിക്കുന്നതിന് എന്ത് ഇടപെടൽ നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

*542. ശ്രീ.ടി.ജെ. വിനോദ്

,, വി.എസ്.ശിവകുമാർ

,, എം. വിൻസെന്റ്

ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മത്സ്യമേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ;

(ബി) ജനങ്ങൾക്ക് ശുദ്ധമായ മത്സ്യം ലഭ്യമാക്കുവാൻ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത മത്സ്യമാർക്കറ്റുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; ശുചിത്വം ഉറപ്പാക്കുന്നതിന് മലിനജല സംസ്കരണ പ്ലാന്റ് ഇത്തരം മാർക്കറ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ചില്ലിംഗ് പ്ലാന്റ് സംവിധാനം എല്ലായിടത്തും സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഇ) ദേശീയ മത്സ്യവികസന ബോർഡ് ഇക്കാര്യത്തിൽ എന്തൊക്കെ സഹായമാണ് നൽകുന്നത്; വിശദാംശം നൽകുമോ?

അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകൾ

*543. ശ്രീ.ബി.ഡി. ദേവസ്സി

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.കെ.കുഞ്ഞിരാമൻ

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകൾ പൂട്ടിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്കൂളുകളുടെ നിലവാര പരിശോധന നടത്താറുണ്ടോ; അധ്യാപകർക്ക് സർക്കാർ മേഖലയിൽ ലഭിക്കുന്ന വേതനം നൽകണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്നറിയിക്കാമോ; വിശദമാക്കുമോ;

(ഡി) സ്കൂൾ ഈടാക്കുന്ന വിവിധ ഫീസുകൾ സംബന്ധിച്ച വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യണമെന്നും അത് സ്കൂളിന്റെ വെബ്സൈറ്റിൽ നൽകണമെന്നുമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

<u>വിദ്യാർത്ഥികൾക്കായുള്ള 'ശ്രദ്ധ' പദ്ധതി</u>

*544. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

,, എം.ഉമ്മർ

ഡോ.എം. കെ. മുനീർ

ശ്രീ.ടി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ സാമൂഹിക,സാമ്പത്തിക, വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കി പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള 'ശ്രദ്ധ' പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ഈ പദ്ധതി പ്രകാരം കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകളെ തിരഞ്ഞെടുക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം</u>

*545. ശ്രീ.മോൻസ് ജോസഫ്

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ്

ശ്രീ.പി.ജെ.ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ച് വസ്തുവിന്റെ ഉടമസ്ഥർക്കുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്ന രീതി എപ്രകാരമാണ്; വിശദമാക്കാമോ;

(ബി) ഭൂമിയുടെ വിൽപ്പന വില കണ്ടെത്തുന്നതെങ്ങനെയാണ് എന്നറിയിക്കാമോ; ഇത് സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) 2013 ലെ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ നഷ്ടപരിഹാര നിയമത്തിലെ വകുപ്പ് 19(1) അനുസരിച്ചുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപുതന്നെ നഷ്ടപരിഹാരം സംബന്ധിച്ച് ഭൂവുടമകളുമായി ചർച്ച ചെയ്യണമെന്ന് അവർ ആവശ്യപ്പെടാറുണ്ടോ; അപ്രകാരം ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടോ;

(ഡി) റവന്യൂ റിക്കാർഡുകളിൽ സംസ്ഥാനത്തുള്ള ഭൂമി എത്ര ഇനമായിട്ടാണ് തിരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

<u>പ്രീഫാബ് സാങ്കേതികവിദ്യ</u>

*546. ശ്രീ.വി.പി.സജീന്ദ്രൻ

,, സണ്ണി ജോസഫ്

,, ഷാഫി പറമ്പിൽ

,, കെ.എസ്.ശബരീനാഥൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും താങ്ങാവുന്ന ചെലവിൽ വീടുകൾ നൽകുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് വീട് നിർമ്മാണത്തിന് പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്ഥാന സർക്കാർ വീട് നിർമ്മിച്ച് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് വീട് നിർമ്മിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം</u>

*547. ശ്രീ.വി.ആർ. സുനിൽ കുമാർ

,, ഇ.ടി. ടൈസൺ മാസ്റ്റർ

ശ്രീമതി ഗീതാ ഗോപി

,, സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകളോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(സി) എല്ലാ വില്ലേജ് ഓഫീസുകളിലും തടസ്സം കൂടാതെയുള്ള ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വില്ലേജ് ഓഫീസുകളിൽ ഫോട്ടോകോപ്പി പേപ്പർ, ടോണർ തുടങ്ങിയ സ്റ്റേഷനറി സാധനങ്ങൾ മതിയായ അളവിൽ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ജനസംഖ്യാനുപാതികമായി താലൂക്കുകളും വില്ലേജുകളും പുന:സംഘടിപ്പിക്കുന്നതിനും ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) വില്ലേജ് ഓഫീസുകളിൽ നിന്ന് നൽകുന്ന സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലാവധി നീട്ടുന്നതിനും ഒരാവശ്യത്തിന് ഓരോ സമയത്തും സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് പകരം അതേ സർട്ടിഫിക്കറ്റ് തന്നെ ഉപയോഗിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>റോഡുകളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി</u>

*548. ശ്രീ.പി.വി. അൻവർ

,, പി. ഉണ്ണി

,, സജി ചെറിയാൻ

,, മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന വാഹനപ്പെരുപ്പം മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികളെന്തെല്ലാം എന്ന് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് നയത്തിൽ വിവക്ഷിക്കുന്ന പ്രകാരം സൈൻ ബോർഡുകൾ, സിഗ്നലുകൾ, ക്രാഷ് ബാരിയേഴ്സ്, ലൈറ്റുകൾ, റിഫ്ലക്റ്റേഴ്സ് തുടങ്ങിയവ സ്ഥാപിച്ച് റോഡുകളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

വ്യക്തമാക്കാമോ;

(സി) ആവശ്യമായ സ്ഥലങ്ങളിൽ ബസ് ബേകൾ നിർമ്മിക്കുന്നതിനും ബസ് സ്റ്റോപ്പുകൾ പുനർ നിർണ്ണയിച്ച് ഗതാഗതത്തിരക്ക് ഒഴിവാക്കുന്നതിനും നയത്തിൽ നിർദ്ദേശമുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി അറിയിക്കാമോ;

(ഡി) റോഡുകളിൽ ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>വിദ്യാലയങ്ങളുടെ അന്താരാഷ്ട്ര നിലവാരം</u>

*549. ശ്രീ.റ്റി.വി.രാജേഷ്

,, എ. പ്രദീപ്കുമാർ

,, കെ.ഡി. പ്രസേനൻ

,, സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയിരം വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുകയെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനായി നടത്തുന്ന പ്രവർത്തനം എത്ര പുരോഗതി കൈവരിച്ചെന്ന് അറിയിക്കാമോ;

(ബി) ഹയർസെക്കന്ററി തലം വരെ ഓരോ ക്ലാസിലും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണിയും നേടുന്നുണ്ടോ എന്ന് അവലോകനം ചെയ്തിരുന്നോ;

(സി) പാഠ്യേതര മികവ് കഴിവിനനുസൃതമായി വികസിപ്പിക്കുന്നതിന് ഉതകുന്ന രീതിയിൽ അധ്യാപക ഇടപെടൽ സാധ്യമാകുന്നുണ്ടോ;

(ഡി) വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി തിരിച്ചുപിടിക്കുന്നതിനും പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിനും നടത്തുന്ന പ്രവർത്തനരീതിയെക്കുറിച്ച് അറിയിക്കാമോ?

<u>റവന്യൂ ഉദ്യോഗസ്ഥരുടെ ഒത്താശയോടുകൂടിയുള്ള സ്വത്തുതട്ടിപ്പുകൾ</u>

*550. ഡോ.എം. കെ. മുനീർ

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

,, മഞ്ഞളാംകുഴി അലി

,, എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഉദ്യോഗസ്ഥരുടെ ഒത്താശയോടുകൂടി സ്വത്തുതട്ടിപ്പുകൾ നടക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തട്ടിപ്പുകൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉൾനാടൻ മത്സ്യസമ്പത്തിലുള്ള കുറവ്</u>

*551. ശ്രീ.കെ.വി.വിജയദാസ്

,, കെ. ദാസൻ

,, കെ.ജെ. മാക്സി

,, കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ സമ്പത്തിലുള്ള കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ജലസംഭരണികളിൽ കൂട് മത്സ്യകൃഷി വ്യാപകമാക്കാൻ പരിപാടിയുണ്ടോ; ആവശ്യാനുസരണം മത്സ്യവിത്തുല്പാദനം സാധ്യമാകുന്നുണ്ടോ;

(സി) ഗവേഷണങ്ങളും മാർഗനിർദ്ദേശവും വഴി മത്സ്യസമ്പത്ത് വർദ്ധനവിന് ഫിഷറീസ് സർവ്വകലാശാലയുടെ ഇടപെടൽ ഫലപ്രദമാകുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>വിദ്യാലയങ്ങളിലൂടെ മാനസിക സാംസ്കാരിക വികാസം</u>

*552. ശ്രീ.പി.കെ. ശശി

,, എം. സ്വരാജ്

,, ഐ.ബി. സതീഷ്

ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാകുന്നതോടെ വിദ്യാർത്ഥികൾക്ക് തൊഴിൽ പ്രാപ്തിയും അക്കാദമിക അറിവും നേടിക്കൊടുക്കുന്നതോടൊപ്പം വിദ്യാലയങ്ങളെ മാനസിക സാംസ്കാരിക വികാസത്തിന്റെ അടിസ്ഥാന കേന്ദ്രങ്ങൾ എന്ന നിലയിൽ പരിവർത്തനം നടത്തുന്നതിനായി അധ്യാപക സമൂഹം ശേഷി ആർജ്ജിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ബഹുസ്വര സമൂഹത്തിന്റെ അടിത്തറയായ ജനാധിപത്യം, പരസ്പരബഹുമാനം, സഹകരണം തുടങ്ങിയ മൂല്യങ്ങൾ സ്വായത്തമാക്കുന്നതിനനുയോജ്യമായ രീതിയിലുള്ള വിദ്യാഭ്യാസക്രമം വികസിപ്പിച്ചെടുക്കാനായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന സ്കൂളുകളിൽ പ്രഥമാധ്യാപകന് വിപുലമായ അധികാരവും വിദ്യാർത്ഥികളുടെ ക്ലാസ് മുറിയിലെയും സ്കൂൾ വളപ്പിലെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ക്ലോസ്ഡ് സർക്യൂട്ട് ക്യാമറ ഉൾപ്പെടെയുള്ള സൗകര്യങ്ങളും വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് വിദ്യാർത്ഥികളിലെ സ്വാതന്ത്ര്യാഭിവാഞ്ചക്ക് ഹാനികരമാകാത്ത തരത്തിലാണോ ഏർപ്പെടുത്തുന്നതെന്ന് അറിയിക്കാമോ?

<u>സ്കൂളുകളിലെ വിദ്യാർത്ഥി യൂണിയൻ പ്രവർത്തനത്തിനായി നിയമനിർമ്മാണം</u>

*553. ശ്രീ.എൻ. ഷംസുദ്ദീൻ
,, കെ.എം.ഷാജി
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥി യൂണിയൻ പ്രവർത്തനത്തിന് സാധുത നൽകുന്നതിനുള്ള നിയമനിർമ്മാണത്തിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പുതിയ സാഹചര്യം ദുരുപയോഗപ്പെടുത്താതിരിക്കുവാനും സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>റോഡുകളുടെ സമഗ്ര വികസനം</u>

*554. ശ്രീ.ഡി.കെ. മുരളി
,, ജെയിംസ് മാത്യു
,, പി.ടി.എ. റഹീം

,, വി.കെ.പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് റോഡ് ഫണ്ട് ബോർഡ് നടത്തുന്ന പ്രവർത്തനമെന്താണെന്ന് അറിയിക്കാമോ;

(ബി) കോഴിക്കോട്, കണ്ണൂർ, കൊല്ലം നഗരറോഡുവികസന പദ്ധതികളിലെ പുരോഗതി അറിയിക്കാമോ;

(സി) കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; കോർപ്പറേഷന്റെ പ്രവർത്തനത്തിൽ പ്രതിസന്ധി നേരിട്ടത് പരിഹരിച്ചിട്ടുണ്ടോ;

(ഡി) ആയിരത്തി ഇരുനൂറ് കിലോമീറ്റർ റോഡുകളുടെ സമഗ്ര വികസനത്തിന് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള മുഖേന നടപ്പിലാക്കുന്ന സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളെക്കുറിച്ച് അറിയിക്കാമോ?

## മത്സ്യഫെഡ് വഴി നടത്തുന്ന പ്രവർത്തനം

*555. ശ്രീ.എം. രാജഗോപാലൻ

,, ജോൺ ഫെർണാണ്ടസ്

,, വി. അബ്ദുറഹിമാൻ

,, എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ, മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥത മെച്ചപ്പെടുത്തുന്നതിനും മത്സ്യ വിപണന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും മത്സ്യഫെഡ് വഴി നടത്തുന്ന പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കടക്കെണിയിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ സാംസ്കാരിക, സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(സി) വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും നൈപുണി പലിശീലനവും ധനസഹായവും നൽകുകയും ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ട യുവജനങ്ങളെ ആധുനിക തൊഴിൽ മേഖലകളിൽ അവസരം കരസ്ഥമാക്കി വികസന മുഖ്യധാരയിൽ എത്തിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത

*556. ശ്രീ.കെ.ഡി. പ്രസേനൻ

,, ജെയിംസ് മാത്യു

,, സി. കെ. ശശീന്ദ്രൻ

,, ഐ.ബി. സതീഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന് അവലംബിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമായിരുന്നു; ലഭിച്ച പരാതികൾ പരിഹരിക്കുന്നതിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ;

(ബി) വകുപ്പിലെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഉദ്യോഗസ്ഥതല പുനർവിന്യാസങ്ങൾ നടത്തിയിരുന്നോ; എങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു; ഇതുമൂലം ലക്ഷ്യം എത്രത്തോളം സാക്ഷാൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) നിലവിലെ സാഹചര്യത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനും ആവശ്യമായ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത പാർപ്പിടം

*557. ശ്രീ.എം. വിൻസെന്റ്

,, വി.എസ്.ശിവകുമാർ

,, ടി.ജെ. വിനോദ്

ശ്രീമതിഷാനിമോൾ ഉസ്മാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത, ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത പാർപ്പിടം ഒരുക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കാലാവസ്ഥ വ്യതിയാനം മൂലം കടലാക്രമണ ഭീഷണി വർദ്ധിക്കുകയും മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് എല്ലാ വർഷവും നാശം സംഭവിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇവരെ സുരക്ഷിത മേഖലയിലേക്ക് മാറ്റിപ്പാർപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള തുക നിലവിലെ സാഹചര്യത്തിൽ തുലോം കുറവായതിനാൽ അത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) തിരുവനന്തപുരത്ത് മുട്ടത്തറയിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുവാൻ തുടക്കമിട്ട തരത്തിലുള്ള പാർപ്പിട സമുച്ചയം സംസ്ഥാനത്തെ തീരദേശ മേഖലയിൽ കൂടുതൽ സ്ഥലത്ത് സ്ഥാപിച്ച് മത്സ്യത്തൊഴിലാളികളുടെ ദുരിതം അകറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഭൂമിപതിവ് ചട്ടങ്ങളുടെ ഭേദഗതി</u>

*558. ശ്രീ.ഇ.കെ.വിജയൻ

,, സി. ദിവാകരൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂമിപതിവ് ചട്ടങ്ങളിൽ ഈ സർക്കാർ നിലവിൽ വന്നശേഷം വരുത്തിയ ഭേദഗതികൾ വിശദമാക്കാമോ;

(ബി) ഉപാധിരഹിത പട്ടയം എന്ന ദീർഘകാലമായിട്ടുള്ള ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കൈവശത്തിലില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ കൈമാറ്റത്തിനുള്ള കാലപരിധി കുറച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കൈവശഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ എപ്പോൾ വേണമെങ്കിലും ആയത് കൈമാറ്റം ചെയ്യാൻ കഴിയുമോ; വ്യക്തമാക്കുമോ;

(ഇ) കൈവശഭൂമിയായാലും കൈവശമില്ലാത്ത ഭൂമിയായാലും പതിച്ചുകിട്ടിയതിന് ശേഷം എല്ലാത്തരം ബാങ്കുകളിലും ഈടുവച്ച് വായ്പ എടുക്കുന്നതിന് സാധിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) പട്ടയഭൂമിയിൽ കൃഷിക്കാർ വച്ച് പിടിപ്പിക്കുന്ന മരങ്ങളുടെ അവകാശം കൃഷിക്കാർക്ക് തന്നെ ലഭിക്കുമോ; വിശദമാക്കാമോ?

<u>തീരദേശമേഖലയുടെ വികസനത്തിനായി പദ്ധതികൾ</u>

*559. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, കെ. ആൻസലൻ

,, എൻ. വിജയൻ പിള്ള

,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി തീരദേശമേഖലയുടെ വികസനത്തിനായി ഈ സർക്കാർ എത്ര തുകയുടെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; അവയിൽ മുഖ്യമായവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഓഖിയിൽ മരണപ്പെടുകയോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഓഖിയുമായി ബന്ധപ്പെട്ട് ദുരന്ത പ്രതികരണ നിധിയിലേക്ക് കേന്ദ്ര സർക്കാർ എത്ര തുകയാണ് നൽകിയത്; കേന്ദ്ര മാനദണ്ഡപ്രകാരമുള്ള നഷ്ടപരിഹാരത്തെക്കുറിച്ച് അറിയിക്കാമോ?

## കേരള സംസ്ഥാന ഗതാഗത പദ്ധതി

*560. ശ്രീ.സി. കെ. ശശീന്ദ്രൻ

,, വി. ജോയി

ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് തുരങ്കപാത സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) 2400 കോടിയിലധികം രൂപ ചെലവഴിച്ച് ലോകബാങ്കിന്റെ ധനസഹായം കൂടി ഉപയോഗിച്ചു കൊണ്ടുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) കഴക്കൂട്ടം-അടൂർ അപകടരഹിത മാതൃകാ റോഡ് പദ്ധതി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഫലസിദ്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധികൾ

*561. ശ്രീ.സജി ചെറിയാൻ

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.എൻ. വിജയൻ പിള്ള

,, കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി കേരള കാഷ്യൂ ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## പൊതുമരാമത്തുവകുപ്പ് ഏറ്റെടുത്ത് നടത്തുന്ന കെട്ടിടനിർമ്മാണം

*562. ശ്രീ.കാരാട്ട് റസാഖ്

,, ആർ. രാജേഷ്

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നാഷണൽ ബിൽഡിംഗ് കോഡ്, നാഷണൽ ബിൽഡിംഗ് റൂൾ എന്നിവയനുസരിച്ചുള്ള കെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കെട്ടിട നിർമ്മാണത്തിനായി പ്രാദേശികമായി ലഭ്യമായ നിർമ്മാണസാമഗ്രികൾ പരമാവധി ഉപയോഗിക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) പഴയ കെട്ടിടങ്ങൾ പൊളിക്കുമ്പോൾ ലഭിക്കുന്ന ഉപയോഗപ്രദമായ സാമഗ്രികൾ വീണ്ടും ഉപയോഗിക്കുന്നതിന് സാധിക്കുമോ എന്ന് പരിശോധിക്കുമോ;

(ഇ) പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലോ അറ്റകുറ്റപ്പണികളോ നടത്തുമ്പോൾ കെട്ടിടത്തിന്റെ ബലപരിശോധന നടത്താൻ എന്തെല്ലാം നടപടികളാണ്

സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

പുതിയ കാലം പുതിയ നിർമ്മാണം

*563. ശ്രീ.കെ. ദാസൻ

,, എ. എൻ. ഷംസീർ

,, മുരളി പെരുനെല്ലി

,, വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപരിതല ഗതാഗതമേഖലയ്ക്ക് ഊർജ്ജം പകരുന്ന തരത്തിൽ 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ടാഗ് ലൈനോടുകൂടി വകുപ്പിന്റെ ചരിത്രത്തിലാദ്യമായി പൊതുമരാമത്ത് നയം രൂപീകരിച്ച് പ്രവർത്തിച്ചതുമൂലമുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റോഡു നിർമ്മാണത്തിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ജർമ്മൻ നിർമ്മിത യന്ത്രങ്ങളുടെ സഹായത്തോടുകൂടി 'കോൾഡ് ഇൻസൈറ്റ് റീസൈക്ലിംഗ് സാങ്കേതിക വിദ്യ' ഉപയോഗിച്ച് നിർമ്മിച്ച റോഡിന്റെ പ്രത്യേകത, ഗുണമേന്മ എന്നിവ പരിശോധിച്ചിട്ടുണ്ടോ; എവിടെയെല്ലാമാണ് ഇത്തരത്തിലുള്ള റോഡ് നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) റോഡു നിർമ്മാണത്തിലെ മറ്റൊരു കാൽവെയ്പായ കയർ ജീയോടെക്സ്റ്റയിലും നാച്ചുറൽ റബ്ബർ മിക്സ് ബിറ്റുമിനും ഉപയോഗിച്ചുള്ള നിർമ്മാണം പാരിസ്ഥിതിക സൗഹൃദവും ഈടുനിൽപ്പുള്ളതുമാണോ; ഇത്തരത്തിലുള്ള റോഡുകൾ എവിടെയെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) പരമ്പരാഗത കയർവ്യവസായ മേഖലയുടെയും റബ്ബർ കൃഷി മേഖലയുടെയും താല്പര്യം പരിഗണിച്ച് ഇത്തരം റോഡുകൾ കൂടുതൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ടപരിഹാരം

*564. ശ്രീ.പി.കെ.ബഷീർ

,, എം. സി. കമറുദ്ദീൻ

,, പാറക്കൽ അബ്ദുല്ല

,, അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റ വിവിധ വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് അവരുടെ നഷ്ടത്തിന് തത്തുല്യമായ വിധത്തിലുള്ള നഷ്ടപരിഹാരം ലഭ്യമാക്കാൻ സാധിക്കുമോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരം സാഹചര്യങ്ങളിൽ നഷ്ടപരിഹാരം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) ഇതിന് ഒരു ഏകീകൃതമായ മാനദണ്ഡമോ വ്യവസ്ഥയോ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ വിവിധ വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് അവരുടെ നഷ്ടത്തിന് തത്തുല്യമായ വിധത്തിലുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്ന വിധത്തിൽ ഒരു ഏകീകൃത സംവിധാനം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## കോൾഡ് ചെയിൻ പദ്ധതി

*565. ശ്രീ.ടി.എ.അഹമ്മദ് കബീർ

,, കെ.എൻ.എ ഖാദർ

,, പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസംസ്കരണത്തിന്റെയും വിപണനത്തിന്റെയും സാധ്യത വർദ്ധിപ്പിക്കുന്നതിനായി കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെയും നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെയും സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ഏകീകൃത പാഠ്യപദ്ധതി

*566. ശ്രീ.മഞ്ഞളാംകുഴി അലി

,, ടി. വി. ഇബ്രാഹിം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ഏകീകൃത പാഠ്യപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ രംഗത്തെ സ്വകാര്യ മേഖലയുടെ ചൂഷണം അവസാനിപ്പിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഹാർബർ വികസന പദ്ധതികൾ</u>

*567. ശ്രീ.വി. കെ. സി. മമ്മത് കോയ

,, എസ്.ശർമ്മ

,, എം. മുകേഷ്

ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി ബജറ്റ് ഫണ്ട് ഉപയോഗിച്ചും കിഫ്ബി ഫണ്ട് ഉപയോഗിച്ചും നടത്തുന്ന തീരദേശ റോഡ് പുനരുദ്ധാരണം, ഹാർബർ വികസന പദ്ധതികൾ എന്നിവ എത്ര തുകയുടെതാണെന്ന കണക്ക് ലഭ്യമാണോ; പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രവർത്തനക്ഷമമല്ലാത്ത സംസ്ഥാനത്തെ ഹാർബറുകൾ പ്രവർത്തനയോഗ്യമാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ജീർണ്ണിച്ച് വർഷങ്ങളായി അപായകരമായ സ്ഥിതിയിലുള്ള കൊല്ലം ക്യൂ.എസ്.എസ് കോളനി പുനർനിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും കൊല്ലം മുനിസിപ്പൽ കോർപ്പറേഷനുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമോയെന്ന് അറിയിക്കുമോ?

<u>കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതിയും ആഡംബര നികുതിയും</u>

*568. ശ്രീ.പുരുഷൻ കടലുണ്ടി

,, കെ.വി.വിജയദാസ്

,, കെ.കുഞ്ഞിരാമൻ

,, കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ നികുതിയുടെ നിർണ്ണയം നടത്താത്ത കെട്ടിടങ്ങൾ കണ്ടെത്തി നികുതി നിർണ്ണയിക്കുന്നതിനായി ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇതിനായി ഓരോ ജില്ലയ്ക്കും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ആഡംബര നികുതി സ്ലാബ് അടിസ്ഥാനത്തിൽ പുതുക്കി നിർണ്ണയിക്കാൻ വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഫ്ലാറ്റുകളുടെ കെട്ടിട നികുതി നിർണ്ണയിക്കുന്നതിന് ഈ സർക്കാർ നിശ്ചയിച്ച പുതിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ</u>

*569. ശ്രീ.എം. നൗഷാദ്

,, എസ്.ശർമ്മ

,, കെ. ആൻസലൻ

ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനോപാധികളുടെ ഉടമകളാക്കി മത്സ്യത്തൊഴിലാളികളെ മാറ്റുന്നതിനും മത്സ്യബന്ധനോപാധികൾ നഷ്ടപ്പെടുന്ന അവസരത്തിലും അറ്റകുറ്റപ്പണികൾ ആവശ്യമായി വരുമ്പോഴും അവരെ സഹായിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധനത്തൊഴിലാളികൾക്ക് പ്രകൃതിദുരന്തങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനും ജീവഹാനി ഉണ്ടാകാതിരിക്കുന്നതിനുമായി എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ മേഖലയിൽ ആധുനികവൽക്കരണം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>റോഡ് നിർമ്മാണത്തിൽ പുതിയ സാങ്കേതിക വിദ്യകൾ</u>

*570. ശ്രീ.കെ.എസ്.ശബരീനാഥൻ

,, സണ്ണി ജോസഫ്

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും

രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിന് നിലവിൽ ഏതെല്ലാം പുതിയ സാങ്കേതിക വിദ്യകളാണ് അവലംബിക്കുന്നത്;

(ബി) റോഡുകൾ ദീർഘകാലം നിലനിൽക്കുന്നതിന് നിർമ്മാണ രീതികളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(സി) നിലവിൽ ഉപയോഗിക്കുന്ന നിർമ്മാണരീതികളിൽ നമ്മുടെ കാലാവസ്ഥക്ക് ഏറ്റവും അനുയോജ്യമായ രീതി ഏതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ സൈക്കിൾ ട്രാക്കും കേബിൾ ഡക്ടുകളും സ്ഥാപിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
12-11-2019

എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി,

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].